**15 -ാം കേരള നിയമസഭ**

**12 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1911** **11-10-2024 - ൽ മറുപടിയ്ക്ക്**

**മട്ടന്നൂർ മണ്ഡലത്തിലെ സ്പോർട്സ് കോംപ്ലക്സ് പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീമതി കെ. കെ. ശൈലജ ടീച്ചർ | | ശ്രീ. വി. അബ്ദുറഹിമാൻ<br>(ന്യൂനപക്ഷക്ഷേമം, കായികം, വഖഫ്, ഹജ് തീർത്ഥാടന വകുപ്പ് മന്ത്രി) | |
| (എ) | മട്ടന്നൂർ മണ്ഡലത്തിലെ സ്പോർട്സ് കോംപ്ലക്സ് പദ്ധതിയുടെ നിലവിലെ പ്രവർത്തന പുരോഗതി വ്യക്തമാക്കാമോ; | (എ) | 24.10.2019 തീയ്യതിയിലെ സ ഉ (സാധാ) 204/2019/കാ.യു.വ സർക്കാർ ഉത്തരവ് പ്രകാരം മട്ടന്നൂർ അക്വാട്ടിക് കോംപ്ലക്സ് നിർമ്മാണത്തിനായി 15 കോടി രൂപയുടെ ഭരണാനുമതി നൽകിയിരുന്നു. സ്പോർട്സ് കേരള ഫൗണ്ടേഷനാണ് പ്രസ്തുത പദ്ധതിയുടെ എസ്.പി.വി. ടി പദ്ധതിയിൽ പ്രധാനമായും 2500 സീറ്റിംഗ് കപ്പാസിറ്റി വരുന്ന ഇൻഡോർ സ്റ്റേഡിയം, 25 മീ X 12.5മീ അളവിലുള്ള പരിശീലന നീന്തൽക്കുളവുമാണ് ഉൾപ്പെടുത്തിയിട്ടുള്ളത്. പ്രവൃത്തിയുടെ ഡി.പി.ആർ തയ്യാറാക്കുന്നതിലേക്കായി മണ്ണ് പരിശോധനയും, സ്ട്രക്ച്ചറൽ ഡിസൈനും പൂർത്തീകരിച്ച് 26 കോടി രൂപയുടെ ഡി.പി.ആർ തയ്യാറാക്കുകയും ചെയ്തിരുന്നു. പദ്ധതി രണ്ട് ഘട്ടമായി നിർമ്മിക്കുന്ന രീതിയിലാണ് ഡി.പി.ആർ തയ്യാറാക്കിയിട്ടുള്ളത്.<br><br>26.07.2024 തീയതിയിൽ കിഫ്ബിയിൽ ചേർന്ന മട്ടന്നൂർ എൽ.എ.സി. യോഗത്തിൽ പ്രസ്തുത പദ്ധതിയുടെ ഡി.പി.ആർ തുക 20 കോടിയിൽ ലിമിറ്റ് ചെയ്യുവാനായി കിഫ്ബി നിർദ്ദേശിച്ചിരുന്നു. എന്നാൽ പ്രസ്തുത പ്രവൃത്തിയുടെ ഡി.പി.ആർ. തുക 20 കോടി അധികരിച്ചതിനാൽ ആയത് ബഹു. മട്ടന്നൂർ നിയോജക മണ്ഡലം എം.എൽ.എ.യുമായി ചർച്ച ചെയ്യുകയും തുടർന്ന് മട്ടന്നൂർ എം.എൽ.എ.യുടെ നിർദ്ദേശ പ്രകാരം ഗ്യാലറിയുടെ സീറ്റിംഗ് കപ്പാസിറ്റി 2500 ൽ നിന്നും 1500 സീറ്റിംഗ് കപ്പാസിറ്റിയിലേക്ക് മാറ്റി ഇൻഡോർ സ്റ്റേഡിയത്തിന്റെ ഡ്രോയിംഗ് റിവൈസ് ചെയ്യുകയും ചെയ്തു.<br><br>മേൽപ്പറഞ്ഞ മാറ്റങ്ങൾക്കനുസരിച്ച് സ്ട്രക്ച്ചറൽ ഡിസൈൻ ചെയ്യുന്നതിനായി സ്ട്രക്ച്ചറൽ കൺസൾട്ടന്റായ M/s. Artly—ക്ക് നൽകുകയും, M/s. Artly പുതുക്കിയ സ്ട്രക്ച്ചറൽ ഡിസൈൻ |

| | | | |
|---|---|---|---|
| | | | ഡ്രോയിംഗ് 24.09.2024 തീയ്യതിയിൽ നൽകുകയും ചെയ്തു. തുടർന്ന് മുമ്പേ തയ്യാറാക്കിയ എസ്റ്റിമേറ്റിൽ മാറ്റങ്ങൾ വരുത്തിയ ഡി.പി.ആർ 06.10.2024 ൽ സ്പോർട്സ് കേരള ഫൗണ്ടേഷൻ കിഫ്ബിക്ക് സമർപ്പിച്ചിട്ടുണ്ട്. |
| (ബി) | പടിയൂർ ഗ്രാമപഞ്ചായത്തിൽ ഒരു പഞ്ചായത്ത് ഒരു കളിക്കളം എന്ന പദ്ധതിയുടെ ഭാഗമായി ലഭിച്ച കളി സ്ഥലത്തിന്റെ നിർമ്മാണ പുരോഗതി വ്യക്തമാക്കാമോ? | (ബി) | 18.10.2023 തീയതിയിലെ സർക്കാർ ഉത്തരവ് (സാധാ) നം. 305/2023/കാ.യുവ. പ്രകാരം ഒരു പഞ്ചായത്തിൽ ഒരു കളിക്കളം പദ്ധതിയിൽ ഉൾപ്പെടുത്തി 60 കോടി രൂപയുടെ സമഗ്രഭരണാനുമതി നൽകിയ 120 കളിക്കളങ്ങളുടെ ലിസ്റ്റിലെ ക്രമനമ്പർ 103 ആയി മട്ടന്നൂർ നിയോജക മണ്ഡലത്തിലെ പടിയൂർ കല്യാട് ഗ്രാമപഞ്ചായത്ത് സ്റ്റേഡിയവും ഉൾപ്പെട്ടിട്ടുണ്ട്. ടി പ്രവൃത്തിയുടെ നിർമ്മാണത്തിനായി എം.എൽ.എ ഫണ്ട് വിഹിതമായി 50 ലക്ഷം രൂപ അനുവദിക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കുവാൻ ആവശ്യപ്പെട്ടുകൊണ്ട് കണ്ണൂർ ജില്ലാ കളക്ടർക്ക് 28.08.2024 തീയതിയിൽ ബഹു. എം.എൽ.എ. അയച്ച കത്തിന്റെ പകർപ്പ് ലഭിച്ചിട്ടുണ്ട്. ആയതിന്റെ അടിസ്ഥാനത്തിൽ ടി പ്രവൃത്തിയുടെ ഭരണാനുമതി എസ്റ്റിമേറ്റ് തയ്യാറാക്കി വരികയാണ്. ജില്ലാകളക്ടറിൽ നിന്നും ഉത്തരവ് ലഭിച്ചാലുടൻ ഭരണാനുമതി നൽകുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ